# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.539 — 29.11.2018-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, കെ.സുരേഷ് കുറുപ്പ്<br>,, ആന്റണി ജോൺ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുന്ന രീതിയിൽ പ്രവാസി ചിട്ടി ആരംഭിക്കാൻ കെ.എസ്.എഫ്.ഇ. നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ട് |
| (ബി) | ഇതു സംബന്ധിച്ച് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | റിസർവ്വ് ബാങ്ക് 2015 മാർച്ച് 2 ന് ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിൽ (ഫെമ), നോട്ടിഫിക്കേഷൻ നമ്പർ 337/2015, 338/2015 എന്നിങ്ങനെ രണ്ടു ഭേദഗതികൾ കൊണ്ടുവന്നു . ഇതു പ്രകാരം പ്രവാസി ഇന്ത്യക്കാർക്ക് ബാങ്കിങ് ചാനൽ മുഖേന, നോൺ റിപാട്രിയേഷൻ അടിസ്ഥാനത്തിൽ ചിട്ടി ഫണ്ടുകളിൽ വരിസംഖ്യ അടക്കുക സാധ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ പ്രവാസി ഇന്ത്യാക്കാരിൽ നിന്നും ചിട്ടിയിൽ വരിസംഖ്യ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന തുക കിഫ്ബിയിൽ ബോണ്ടായി നിക്ഷേപിക്കുന്നതിന് എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ചിട്ടിയിലടയ്ക്കുന്ന മുഴുവൻ തുകയും കെ.എസ്.എഫ്.ഇ. യുടെ പേരിൽ NRI ബോണ്ടുകളായി കിഫ്ബിയിൽ നിക്ഷേപിക്കുകയാണ് ചെയ്യുക. ചിട്ടി വരിക്കാരന് പണം കൊടുക്കേണ്ട ഘട്ടം വരുമ്പോൾ, ആവശ്യത്തിനുള്ള പണം കിഫ്ബിയിൽ നിന്ന് എടുക്കാനുള്ള ഓപ്ഷൻ കെ.എസ്.എഫ്.ഇ.യ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം പ്രവാസി ചിട്ടിയിലൂടെ എത്ര കോടി രൂപ കിഫ്ബി ഫണ്ടിലേയ്ക്ക് സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിലൂടെ അടുത്ത 5 വർഷം കൊണ്ട് ഏകദേശം 10,000 കോടിയോളം രൂപ കിഫ്ബി ഫണ്ടിലേയ്ക്ക് സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ